**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3314** **25-10-2021 - ൽ മറുപടിയ്ക്ക്**

**താമരശ്ശേരി താലൂക്കിൽ ചെറുപ്ലാട് വനഭൂമി താമസക്കാർക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | താമരശ്ശേരി താലൂക്കിൽ ഈങ്ങാപ്പുഴ വില്ലേജിലെ ചെറുപ്ലാട് വനഭൂമിയിലെ താമസക്കാർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | താമരശ്ശേരി താലൂക്കിൽ ഈങ്ങാപ്പുഴ വില്ലേജിലെ ചെറുപ്ളാട് വനഭൂമിയിലെ താമസക്കാർക്ക് പട്ടയം അനുവദിക്കുന്നതിന് പരിഹാരവനവത്കരണത്തിനായി വനം വകുപ്പിന് 2.64 ഹെക്ടർ ഭൂമി കൈമാറേണ്ടതുണ്ട്. ആയതിലേക്ക് കോഴിക്കോട് താലൂക്ക് കൊടിയത്തൂർ വില്ലേജിലെ മിച്ച ഭൂമി ഏറ്റെടുത്ത് വനം വകുപ്പിന് കൈമാറുന്നതിനുള്ള സർവ്വേ നടപടികൾ സ്വീകരിച്ചു വരുന്നു.പരിഹാര വനവത്കരണത്തിനായുള്ള ഭൂമി വനം വകുപ്പിന് കൈമാറുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി തേടേണ്ടതുണ്ട്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് അർഹരായ കൈവശക്കാർക്ക് പട്ടയം നൽകുന്നതാണ്. |
| (ബി) | ഇവർക്ക് പട്ടയം എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | താമരശ്ശേരി താലൂക്കിൽ ഈങ്ങാപ്പുഴ വില്ലേജിലെ ചെറുപ്ളാട് വനഭൂമിയിലെ താമസക്കാർക്ക് പട്ടയം അനുവദിക്കുന്നതിന് പരിഹാരവനവത്കരണത്തിനായി വനം വകുപ്പിന് 2.64 ഹെക്ടർ ഭൂമി കൈമാറേണ്ടതുണ്ട്. ആയതിലേക്ക് കോഴിക്കോട് താലൂക്ക് കൊടിയത്തൂർ വില്ലേജിലെ മിച്ച ഭൂമി ഏറ്റെടുത്ത് വനം വകുപ്പിന് കൈമാറുന്നതിനുള്ള സർവ്വേ നടപടികൾ സ്വീകരിച്ചു വരുന്നു.പരിഹാര വനവത്കരണത്തിനായുള്ള ഭൂമി വനം വകുപ്പിന് കൈമാറുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി തേടേണ്ടതുണ്ട്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് അർഹരായ കൈവശക്കാർക്ക് പട്ടയം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ